കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മണീട് ഗ്രാമപഞ്ചായത്ത് - ഈറ്റ വിതരണം എന്ന പ്രോജക്റ്റ് (പ്രോ.നം. 33/19 അടങ്കൽ 60,000/- രൂപ ) ഈ വർഷത്തേയ്ക്ക് മാത്രമായി നടപ്പാക്കാൻ പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2816/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.11.2018

പരാമർശം :- 1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018 ലെ തീരുമാനം നം. 4.17

## ഉത്തരവ്

ഈറ്റ കൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ബാംബൂ കോർപ്പറേഷനിൽ നിന്നും ഈറ്റ വാങ്ങി പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് വിതരണം ചെയ്യാനുള്ള മണീട് ഗ്രാമപഞ്ചായത്തിന്റെ ഈറ്റ വിതരണം എന്ന പ്രോജക്റ്റ്, (പ്രോ.നം. 33/19 അടങ്കൽ 60,000/- രൂപ ) ഒരു ഗുണഭോക്താവിന് 5000/- രൂപ നിരക്കിൽ 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി നൽകണമെന്ന് എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.ഇക്കാര്യം പരാമർശം(2)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ 4.17 നമ്പർ തീരുമാനപ്രകാരം ഈറ്റ വിതരണം എന്ന പ്രോജക്റ്റ് (പ്രോ.നം. 33/19 അടങ്കൽ 60,000/- രൂപ ) ഈ വർഷത്തേയ്ക്ക് മാത്രമായി നടപ്പാക്കാൻ മണീട് ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡണ്ട്, മണീട് ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ